"ഭരണഭാഷ - മാതൃഭാഷ"

E7/22587/11 17/09/2014

**വ്യാവസായിക പരിശീലന വകുപ്പിലെ പി.ഡബ്ല്യു.ഡി നിർമ്മാണ പ്രവൃത്തികളുടെ വിലയിരുത്തൽ യോഗം 29/08/2014 ന് തിരുവനന്തപുരം തൈക്കാട് 'ഗവ. ഗസ്റ്റ് ഹൗസി' ൽ വച്ച് അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ നടന്നതിന്റെ മിനിട്ട്സ്.**

മുൻ സാമ്പത്തിക വർഷങ്ങളിൽ പി.ഡബ്ല്യു.ഡി യ്ക്ക് നൽകിയിട്ടുള്ള വിവിധ ഐ.ടി.ഐ കളിലെ സിവിൽ-മൈനർ വർക്കുകളിലുണ്ടായ കാലതാമസത്തെക്കുറിച്ച് ചർച്ച ചെയ്ത് അടിയന്തിര പൂർത്തീകരണത്തിനായി അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ 2005-06 സാമ്പത്തിക വർഷം മുതൽ 2013-14 സാമ്പത്തിക വർഷം വരെയുള്ള പെന്റിംഗ് വർക്കുകളെക്കുറിച്ച് പ്രിൻസിപ്പാൾമാരും എക്സിക്യൂട്ടീവ് എഞ്ചീനീയർമാരുമായി ചർച്ച ആരംഭിച്ചു. പ്രസ്തുത അവലോകന യോഗത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഹാജരായിരുന്നു.

I. **പി.ഡബ്ല്യു.ഡി ഡിപ്പാർട്ട്മെന്റ്**

1) Sri. P Ajithkumar, Asst. Engineer, PWD (Buildings Division) Aryanadu
2) Smt. S. Shahna Beegam, Ex.Engineer, PWD (Electrical), Thiruvanathapuram.
3) Sri. Koshy John, Ex.Engineer (Electrical), Thrissur.
4) Sri.S. Satheesh Kumar, Ex.Engineer, PWD (Building Division), Thrissur.
5) Sri.Sindhuraj.D Asst.Ex. Engineer PWD (Building Division), Nedumangadu.
6) Sri.Shan.S.H, Asst.Engineer, PWD (Building Division), Thiruvananthapuram.
7) Sri.B Sasikumar, Asst.Engineer, Attingal.
8) Sri. Jyotheendranath.CV, Asst.Ex.Engineer, PWD (Building Division)Neyyattinkara

9) Sri.V Manilal, Asst. Engineer, PWD (Building Division) Parassala
10) Sri.P.J.Alexander, Ex.Engineer, PWD (Building Division) Palakkad
11) Sri.I.Philip Ex. Engineer PWD (Building Division) Pathanamthitta
12) Smt.Jaya Chandra Babu Ex. Engineer (Building Division) Kollam.
13) Sri.Abdul Rahim, Asst.Ex.Engineer, Muvattupuzha
14) Sri.T.P.Benny, Ex.Enginner PWD (Building Division) Iduki
15) Sri.P.Leem Paul.C Ex. Engineer PWD (Building Division)Alappuzha
16) Sri.K.R.Ranasingh Ex. Engineer PWD (Building Division) Thalassery
17) Sri.Sabu.K.Philip Ex. Engineer PWD (Building Division)Kalpatta, Wayanadu.
18) Sri.Narayanan.K.K, Ex. Engineer PWD (Special Building Division) Thiruvananthapuram.
19) Smt. Shiji Karunakaran Asst. Ex. Engineer PWD (Building Sub Division) Kottayam
20) Sri.Umesh C.Asst. Ex. Engineer PWD (Building Division) Vikas Bhavan
21) Smt. P.T.Jeejabhai Asst. Ex. Engineer PWD (Maintenance Sub Division) Thiruvnanthapuram

II <u>ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്</u>

22 Sri.K.MadhuKumar, A.O II, Training Directorate, Thiruvananthapuram
23) Sri. T.L.Ajikumar, J.S(E) Training Directorate, Thiruvananthapuram
24) Smt. Geethakumari, J.S(E) Training Directorate, Thiruvananthapuram
25) Smt. Seena.V.R, Senior Clerk(E) Training Directorate, Thiruvanathapuram.
26) Sri.Suneesh, Senior Clerk (E) Training Directorate Thiruvananthapuram
27) Sri. Musthafa.V.M, Senior Instructor, ITI (W), Kannur.
28) Sri.Ravikumar.R, Principal, ITI (W), Kozhikodu

29) Sri.C.P.Vijukumar, Principal, ITI, Kannur
30) Sri.C.Ratheesan, Principal, ITI, Desamangalam
31) Sri.N.Chandrasekharan, Principal, ITI, Manalur.
32) Sri.B.Hareeshkumar, Principal ITI, Pallickathodu.
33) Sri. P.N. Radhakrishnan, Principal ITI, Ettumanoor.
34) Sri.Reji Paul, Principal ITI, Malampuzha
35) Sri. Jose Varghese, Principal, BTC, Kollam
36) Sri.C.V.Shaji, Principal, ITI, Kalamassery
37) Sri. Vasudevan.P. Principal, ITI, Kalpetta
38) Sri. O.K. Madhusoodanan, Principal, ITI, Mala.
39) Sri.M.S.Nehas, , Principal, ITI(W), Kazhakuttom.
40) Sri. Madhusoodnan.G, , Principal, ITI, Peravoor.
41) Sri.Surendran.P.V, Group Instructor, ITI, Nilambur.
42) Smt. Stary George.A, , Principal, ITI, Chalakkudy
43) Smt. P.K.Lalithakumary, , Principal, ITI, Maneed.
44) Smt.Abida.K.A. , Principal, ITI, Vaniyumkulam.
45) Sri.M.C.Pavithran, Senior Superintendant (H.G), ITI(W) Chalakkudy
46) Sri.K.B.Vijayan, , Principal, ITI, Chengannoor
47) Sri.Sanalkumar.P, , Principal, ITI, Pullur.
48) Sri.S.SunilKumar Vice Principal, ITI, Chennerkkara.
49) Sri.Mohammed.K.V, , Principal, ITI, Kozhikodu
50) Sri. Albert.P.J, , Principal, ITI, Rajakkadu
51) Sri. C.Shajimon, Senior Clerk, ITI, Kuzhalmandam
52) Sri. SudhaSankar, Principal, ITI, Aryanadu
53) Sri.R.Sureshkumar, , Principal, ITI, Elamadu.

54) Sri. Ullaskumar.G, Junior Superintendant, ITI, Chandanathopu
55) Smt. J.Sujatha, , Principal, ITI, Attingal..
56) Smt.Bindhu.J.S, , Principal, ITI, Dhanuvachapuram.
57) Sri.M.F.Samraj, , Principal, ITI, Thiruvananthapuram.
58) Sri.Vijayan.N, Junior Superintendant, ITI, Madikai
59) Smt. Reena K. Resal, Junior Superintendant, ITI, Malayinkeezhu
60) Sri.Suresh.G, Principal, ITI(W), Chengannur)
61) Sri.Gopalakrishan.V, Principal, ITI, Chathanoor.
62) Sri.A.K.Valsan, Principal, ITI, Kayyur.
63) Sri.Ravikumar.C, Principal, ITI, Areekkodu.
64) Smt. Anees Stella Issac, Principal, ITI, Kattappana.

തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം ഓരോ ഐ.ടി.ഐ കളിലും നടന്നു പോരുന്ന സിവിൽ-മൈനർ വർക്കുകളുടെ പെന്റിംഗ് വർക്കിൻ മേൽ കൈകൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ഐ.ടി.ഐ ധനുവച്ചപുരം.</u>

ആകെയുള്ള ഏഴുവർക്കുകളിൽ മൂന്നെണ്ണം പൂർത്തീകരിച്ചതായും 2010-11 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി 4ലക്ഷം രൂപ ഒടുക്കിയ തിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി വർക്ക് പൂർത്തിയാക്കുകയും ബാലൻസ് 1.25 ലക്ഷം ശേഷിക്കുന്നുണ്ടെന്നും പ്രിൻസിപ്പാൾ അറിയിച്ചു.

2011-12 സാമ്പത്തിക വർഷത്തിൽ കാർപ്പെന്റർ, എസ്.എം.ഡബ്ല്യൂ, എം.എം.വി, എം/ഡീസൽ, ഫിറ്റർ & വെൽഡർ ട്രേഡ് വർക്ക്ഷോപ്പുകളുടെ റിപ്പെയ റിംഗിനായി 5.75 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെയായിട്ടും വർക്ക് തുടങ്ങിയിട്ടില്ല. ടി വിഷയത്തിൽ ടെൻഡർ ക്ഷണിച്ചിട്ടുണ്ടെന്നും, ഒറിജിനൽ എസ്റ്റിമേറ്റ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 2010 ലെ എസ്.ഒ.ആർ പ്രകാരം റേറ്റ് റിവിഷൻ വന്നിട്ടുണ്ടെന്നും. റീ-ടെൻഡർ ചെയ്യുമ്പോൾ എസ്റ്റിമേറ്റ് തുക വർദ്ധിക്കാൻ സാധ്യതയുണ്ടെന്നും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ടി സാഹ ചര്യത്തിൽ കെട്ടിട നിർമ്മാണത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയിൽ നീക്കിയിരുപ്പുള്ള 1.25 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി ആകെ 7 ലക്ഷം

(5.75+1.25) രൂപയിൽ പരമാവധി പരമിതപ്പെടുത്തി എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്ത് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുവാൻ എക്സീക്യൂട്ടീവ് എഞ്ചിനീയറോട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചു.

ടർണർ, മെഷീനിസ്റ്റ്, ഇലക്ട്രീഷ്യൻ ട്രേഡുകളുടെ വർക്ക്ഷോപ്പുകളുടെ റിപ്പെയർ വർക്ക്സ് അനുവദിച്ച തുകയിൽ (3.87639 ലക്ഷം) പരമാവധി പരമിതപ്പെടുത്തികൊണ്ട് റീ-കാസ്റ്റ് ചെയ്ത് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സീക്യൂട്ടീവ് എഞ്ചിനീയറോട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചു.

400 കെവിഎ യു.എസ്.എസ് ന്റെ സിവിൽ വർക്ക് പെന്റിംഗ് ആണെന്ന് പ്രിൻസിപ്പാൾ അറിയിക്കുകയും ടി വർക്ക് ഒരു മാസത്തിനുള്ളിൽ കംപ്ലീറ്റ് ചെയ്യുമെന്ന് പി.ഡബ്ല്യൂ.ഡി അധികൃതർ അറിയിച്ചു. സിവിൽ വർക്ക് കംപ്ലീറ്റ് ചെയ്താൽ ഇലക്ട്രിക്കൽ വർക്ക് പരമാവധി 2 മാസത്തിനുള്ളിൽ പൂർത്തിയാക്കാമെന്ന് എക്സീക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ വിഭാഗം) മീറ്റിംഗിൽ ഉറപ്പുനൽകി.

വയർമാൻ ട്രേഡിന്റെ ഇലക്ട്രിഫിക്കേഷൻ വർക്കിനായി 3,65,625/- രൂപ അനുവദിച്ചതു പ്രകാരമുള്ള ജോലികൾ പൂർത്തിയായിട്ടുണ്ടെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലായെന്നും പ്രിൻസിപ്പാൾ അറിയിച്ചു. ടി തുക കരാറുകാരന് ഉടൻതന്നെ നൽകുന്നതാണെന്നും അതിനുശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രിൻസിപ്പാളിന് അയച്ചുകൊടുക്കുമെന്നും ബന്ധപ്പെട്ട എക്സീക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

2) <u>ഐ.ടി.ഐ ആര്യനാട്.</u>

ആകെയുള്ള 3 വർക്കുകളിൽ 2 എണ്ണം പൂർത്തീകരിച്ചതായി പ്രിൽസിപ്പാൾ അറിയിച്ചു. 2013-14 സാമ്പത്തിക വർഷത്തിൽ 8.46 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കുകയും, കോൺട്രാക്ടർക്ക് പേമെന്റ് നടത്തിയാലുടൻ തന്നെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുമെന്നും ബന്ധപ്പെട്ട എക്സീക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

ട്രെയിനീസ് ഹോസ്റ്റലിന്റെ നിർമ്മാണം കോൺട്രാക്ടർ ഉപേക്ഷിച്ച സാഹചര്യത്തിൽ നിർത്തി വച്ചിരിക്കുന്നതിനാൽ, മറ്റൊരു കരാറുകാരനെ കണ്ടെത്തി ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സീക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു. പ്രിൻസിപ്പാൾ എല്ലായ്പ്പോഴും ടി വർക്കിന്റെ ഫോളോ അപ്പിൽ ശ്രദ്ധിക്കണമെന്ന് ജോയിന്റ് ഡയറക്ടർ കർശനമായും നിർദ്ദേശിച്ചു.

3) <u>ഐ.ടി.ഐ (വനിത) കഴക്കൂട്ടം</u>.

ഐ.ടി.ഐ യെ ഒന്നാം നിരയിൽ ഉയർത്തിയതിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുവാൻ 30 ലക്ഷം രൂപ 2009-10 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെയായിട്ടും വർക്ക് പൂർത്തിയാക്കാതെ അഡീഷണലായി 27 ലക്ഷം രൂപ കൂടി ടി വർക്ക് പൂർത്തിയാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി അധികൃതർ ആവശ്യപ്പെട്ടതായി പ്രിൻസിപ്പാൾ അറിയിച്ചു. ടി സാഹചര്യത്തിൽ നാളിതുവരെ ചെയ്ത വർക്കുകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പി.ഡബ്ല്യൂ.ഡി യിൽ നിന്നും ലഭ്യമാക്കുവാനും ശേഷിക്കുന്ന വർക്ക് മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുവാനും ജോയിന്റ് ഡയറക്ടർ പ്രിൻസിപ്പാളിനോട് നിർദ്ദേശിച്ചു.

2011-12 സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 180 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഹോസ്റ്റൽ-കം- അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിൽ ഗ്രൗണ്ട് ഫ്ളോർ കംപ്ലീറ്റ് ചെയ്യാൻ വേണ്ടി മാത്രം 4.5 കോടി രൂപ വേണ്ടി വരുമെന്ന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ടി സാഹചര്യത്തിൽ പൈൽ ചെയ്ത് മൾട്ടിസ്റ്റോറീഡ് ബിൽഡിംഗ് പരമാവധി 1.8 കോടിയിൽ ലിമിറ്റു ചെയ്തുകൊണ്ട് പണിയുന്നതിനായി പ്ലാൻ റീ-ഡിസൈൻ ചെയ്യാനും, പരമാവധി ഒരു സ്റ്റേജ് എങ്കിലും എത്രയും വേഗം കംപ്ലീറ്റ് ചെയ്യാനും ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചു. പുതുക്കിയ എസ്റ്റിമേറ്റ് മാക്സിമം 3 മാസത്തിനുള്ളിൽ സബ്മിറ്റ് ചെയ്യാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

4) <u>ഐ.ടി.ഐ ചാക്ക.</u>

ആകെയുള്ള 8 വർക്കുകളിൽ മൂന്ന് എണ്ണം പൂർത്തീകരിച്ചതായും, 2010-11 സാമ്പത്തിക വർഷത്തിൽ എസ്.എം.ഡബ്ല്യൂ & ഫിറ്റർ ട്രേഡുകളുടെ എസ്റ്റൻഷൻ വർക്കിനായി 8.6 ലക്ഷം അനുവദിച്ചതിൽ എസ്റ്റിമേറ്റിൽ വ്യത്യാസം ഉണ്ടായിരുന്നതിനാൽ അനുവദിച്ച തുക പൂർണ്ണമായും ചെലവായതായും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ ഫലമായി വർക്ക് പൂർത്തിയാക്കുവാൻ ഇനിയും 9.5 ലക്ഷം കൂടെ വേണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു.

റ്റി.ഡി.എം ട്രേഡിന്റെ നവീകരിണത്തിനായി അനുവദിച്ച 13.47426 ലക്ഷം രൂപ മുഴുവൻ പ്രസ്തുത വർക്കിനായി വിനിയോഗിച്ചുവെന്നും, വർക്ക് പൂർത്തിയാക്കുവാൻ ഇനിയും തുക വേണ്ടി വരുമെന്നും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ടി 2 വർക്കുകൾക്കുമുള്ള തുക പി.ഡബ്ല്യൂ.ഡി ഫണ്ട് ഉപയോഗിച്ചു

പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ ടി മീറ്റിംഗിൽ സംയുക്തമായി തീരുമാനിച്ചു.

ഇലക്ട്രിക്കൽ റീ-വയറിംഗിനായി അനുവദിച്ച 33.01 ലക്ഷം രൂപ കൂടാതെ പ്രസ്തുത വർക്കിനായി 95,814/- രൂപ കൂടി വേണമെന്ന് സ്പെഷ്യൽ എഞ്ചിനീയർ (ഇലക്ട്രിക്കൽ ഡിവിഷൻ) അറിയിച്ചു. അധിക തുക അനുവദിക്കുകയാണെങ്കിൽ ഒരു മാസത്തനുള്ളിൽ വർക്ക് പൂർത്തിയാക്കാമെന്ന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ബഹു. വകുപ്പ് മന്ത്രി നേരിട്ട് ഇടപെട്ട ടി വിഷയിത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തിരമായി പ്രസ്തുത വർക്ക് ഇനിയൊരു റേറ്റ് റിവിഷന് ഇട നൽകാതെ പൂർത്തിയാക്കണമെന്ന് ജോയിന്റ് ഡയറക്ടർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു. എന്നിരുന്നാലും ടി വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അധിക തുകയ്ക്കുള്ള അനുമതി ലഭ്യമാക്കുവാൻ സർക്കാരിൽ ശുപാർശ സമർപ്പിക്കുവാൻ തീരുമാനിച്ചു.

5) **<u>ഐ.ടി.ഐ ആറ്റിങ്ങൽ</u>**

ആകെയുള്ള ഏഴ് വർക്കുകളിൽ മൂന്നെണ്ണം പൂർത്തീകരിച്ചിട്ടുള്ളതായും, 2011-12 സാമ്പത്തിക വർഷത്തിൽ ഫിറ്റർ ട്രേഡിലെ വർക്ക്ഷോപ്പ് എസ്റ്റൻഷന് വേണ്ടി 9.5 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ, ടി വർക്ക് ഇപ്പോൾ ആവശ്യമില്ലായെന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനെ തുടർന്ന് വർക്ക് ഡ്രോപ്പ് ചെയ്യാൻ ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചു. തുടർന്ന് ഈ ഫണ്ട് അമിനിറ്റി സെന്ററിനു മുകളിൽ തിയറി ക്ലാസ്സ് നിർമ്മിക്കുന്നതിലേയ്ക്കായി പരമാവധി പ്രസ്തുത തുകയിൽ ലിമിറ്റ് ചെയ്തുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻ സമർപ്പിക്കുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കാമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് അതോടൊപ്പം തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള വർക്കുകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുവാനും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് യോഗം നിർദ്ദേശിച്ചു.

6) **<u>ഐ.ടി.ഐ മലയിൻകീഴ്.</u>**

മരങ്ങൾ മുറിച്ചുമാറ്റി സ്ഥലം കൈമാറുന്നതിലെ കാലതാമസം ആണ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി വൈകുന്നതായി പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥൻ അറിയിക്കുകയും, ടി കാലതാമസം പരിഹരിച്ചാൽ 2015 മേയ് മാസത്തിൽ ടി വർക്ക് പൂർത്തീകരിക്കാമെന്ന് ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥന്റെ

നിർദ്ദേശത്തെ തുടർന്ന് ഇതിൻമേൽ സത്വര നടപടി കൈകൊള്ളാൻ പ്രിൻസിപ്പാളിന് ആവശ്യമായ നിർദ്ദേശം നൽകി.

7) **ആർ.ഐ.സെന്റർ ചാക്ക.**

ടി സ്ഥാപനത്തിലെ ട്രെയിനിംഗ് ഓഫീസർ ഹാജരായിരുന്നില്ലായെങ്കിലും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ വർക്ക് പൂർത്തീകരിച്ചതായും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്ന് അറിയിച്ചതിനെ തുടർന്ന് അടിയന്തിരമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുകയുണ്ടായി.

8) **ഐ.ടി.ഐ കൊല്ലം.**

ആകെയുള്ള മൂന്നു വർക്കുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചതായും സിവിൽ വർക്ക് (കൺസ്ട്രക്ഷൻ ഓഫ് ബിൽഡിംഗ്) ന്റെ പൂർത്തീകരണം രണ്ട് മാസത്തിനുള്ളിൽ സാധ്യമാവുമെന്ന് ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥൻ യോഗത്തിൽ ഉറപ്പുനൽകുകയുണ്ടായി.

9) **ഐ.ടി.ഐ (വ) കൊല്ലം.**

2013-14 സാമ്പത്തിക വർഷത്തിൽ 3ഫേസ് കണക്ഷനു വേണ്ടി 0.52 ലക്ഷം രൂപ അനുവദിച്ചതിൻ പ്രകാരം ടി വർക്ക് പൂർത്തീകരിച്ചതായി ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥൻ അറിയിച്ചു. പ്രസ്തുത വർക്കിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയന്തിരമായി പ്രിൻസിപ്പാളിന് നൽകുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

10) **ബി.റ്റി.സി. കൊല്ലം.**

2011-12 സാമ്പത്തിക വർഷത്തിൽ മെഷീൻ റൂമിന്റെ റിപ്പയർ വർക്കിനായി 0.47 ലക്ഷം രൂപ അനുവദിച്ചതിൻ പ്രകാരം പ്രസ്തുത വർക്ക് പൂർത്തീകരിച്ചതായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയും എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലായെന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനെ തുടർന്ന് അടിയന്തിരമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

11) **ഐ.ടി.ഐ ഇളമാട്.**

2010-11 സാമ്പത്തിക വർഷത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 250 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പണി തുടങ്ങിയതായും, വർക്ക് ത്വരിത ഗതിയിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പ്രിൻസിപ്പാൾ പി.ഡബ്ല്യൂ.ഡി അധികൃതരുമായി നിരന്തരം ബന്ധപ്പെട്ട് വർക്കിന്റെ പുരോഗതി വിലയിരുത്തണമെന്ന് അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് നിർദ്ദേശിച്ചു.

12) **ഐ.ടി.ഐ ചെങ്ങന്നൂർ.**

ബിൽഡിംഗ് കൺസ്ട്രക്ഷന്റെ പണി പൂർത്തീകരിച്ചിട്ടില്ല, കോമ്പൗണ്ട് വാൾ ന്റെ വർക്ക് പൂർണ്ണമായും തീർത്തിട്ടില്ല, കെട്ടിടത്തിലെ ചോർച്ച. ടോയ്‌ലറ്റിലെ തടസ്സങ്ങൾ എന്നിവ പ്രിൻസിപ്പാൾ യോഗത്തിൽ അറിയിക്കുകയുണ്ടായി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അടുത്തകാലത്തായി ചാർജ് എടുത്ത വ്യക്തിയായതിനാൽ മേൽപ്പറഞ്ഞ അപാകതകൾ നേരിൽ കണ്ട് പരിശോധിച്ച് അടിയന്തിരമായി പരിഹരിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ചുമതലപ്പെടുത്തി. ഇതിനാവശ്യമായ എല്ലാ സഹായവും, മാർഗ്ഗ നിർദ്ദേശവും നൽകുന്നതിന് അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ചെയ്തു

13) **ഐ.ടി.ഐ (വനിത) ചെങ്ങന്നൂർ**

ആകെയുള്ള നാല് വർക്കുകളിൽ രണ്ട് എണ്ണം പൂർത്തീകരിച്ചതായും ഇലക്ട്രിക്കൽ വർക്കുകൾ നടന്നു വരുന്നു എന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനെ തുടർന്ന്, ടി വർക്കുകൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വിമൻസ് ഹോസ്റ്റൽ ന്റെ പണി നേരത്തെ നൽകിയിട്ടുള്ള പ്ലാനിൽ വ്യത്യാസം വരാത്ത വിധത്തിൽ 2 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കണമെന്ന് യോഗത്തിൽ ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി അധികൃതരോട് നിർദ്ദേശിച്ചു. ടി ഐ.ടി.ഐ യിലെ വർക്കുകളുടെ പുരോഗതി നേരിൽ കണ്ട് വിലയിരുത്താൻ യോഗത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകി.

14) **ഐ.ടി.ഐ ചെന്നീർക്കര**

ആകെയുള്ള മൂന്നു വർക്കുകളിൽ രണ്ട് എണ്ണവും പൂർത്തീകരിച്ചതായും, അമിനിറ്റി സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി 4 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുന്നു എന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനെ തുടർന്ന് ഇത്രയും തുക എക്സസ് ആയതിന്റെ കാരണം സമർപ്പിക്കുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥനോട് നിർദ്ദേശിച്ചു. അതോടൊപ്പം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്ത വർക്കുകൾക്ക് എത്രയും വേഗം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുവാനും യോഗം നിർദ്ദേശിച്ചു.

15) **ഐ.ടി.ഐ ഏറ്റുമാനൂർ**.

വർക്കുകൾ എല്ലാം പൂർത്തീകരിച്ചതായും പെന്റിംഗ് വർക്കുകൾ ഒന്നും തന്നെ ഇല്ലായെന്നും യോഗത്തിൽ ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥൻ അറിയിച്ചതിനെ തുടർന്ന് പൂർത്തിയാക്കിയ വർക്കുകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രിൻസിപ്പാളിന് നൽകുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറിനോട് നിർദ്ദേശിച്ചു.

16) **ഐ.ടി.ഐ പള്ളിക്കത്തോട്.**

ആകെയുള്ള ആറ് വർക്കുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചതായും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നാളിതുവരെയും ലഭ്യമായിട്ടില്ലായെന്നും പ്രിൻസിപ്പാൾ അറിയിച്ചു. 'ട്രെയിനീസ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേസ്' ന്റെ പണികൾക്കായി അധികം തുക ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് ശുപാർശ അയച്ചിട്ടുണ്ടെന്നും, അമിനിറ്റി സെന്ററിന്റെ വർക്കിലേക്കായി ടെൻഡർ നടപടികൾ പുരോഗമിക്കുന്നതായും പി.ഡബ്ല്യു.ഡി അധികൃതർ വ്യക്തമാക്കുകയുണ്ടായി. ടി വർക്കുകളിൽ മേൽ അടിയന്തിര പൂർത്തീകരണത്തിനായും, പൂർത്തീകരിച്ച വർക്കുകൾക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ യോഗത്തിൽ നിർദ്ദേശം നൽകുകയുണ്ടായി. അതോടൊപ്പം കോമ്പൗണ്ട് വാൾ ന്റെ നിർമ്മാണം പരമാവധി 0.39 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി പാർട്ട് വർക്ക് ചെയ്യാൻ പ്രിൻസിപ്പാളിനോട് ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചു.

17) <u>ഐ.ടി.ഐ കട്ടപ്പന</u>

അമിനിറ്റി സെന്റർ, ഹോസ്റ്റൽ ബിൽഡിംഗ് എന്നിവയുടെ പണികൾ യഥാക്രമം 90, 60% പൂർത്തീകരിച്ചതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. അടിയന്തിരമായി വർക്ക്ഷോപ്പ് മെയിന്റനൻസ് ചെയ്തു നൽകുന്നതിനും പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ യോഗത്തിൽ നിർദ്ദേശം നൽകി.

18) <u>ഐ.ടി.ഐ കളമശ്ശേരി.</u>

2005-06 സാമ്പത്തിക വർഷം ഡി.സി.എം ട്രേഡിന്റെ കെട്ടിട നവീകരണത്തിനായി 2 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെയും ടി വർക്ക് ആരംഭിക്കാതെ പി.ഡബ്ല്യു.ഡി 21/02/2014 ന് 7.45 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു. ഇതിൻമേൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ആവശ്യപ്പെട്ടു. 2010-11 സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണത്തിനായി 19.95 ലക്ഷം രൂപ അനുവദിച്ചതിൻ പ്രകാരം പ്രസ്തുത വർക്ക് പൂർത്തീകരിച്ചതായും, മറ്റ് വർക്കുകളിൽ നടപടികൾ സ്വീകരിച്ചു വരുന്നതായും ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിക്കുകയുണ്ടായി. ടി വർക്കുകളിൽ മേൽ അടിയന്തിര നടപടികൾ കൈകൊണ്ട പൂർത്തീകരിക്കുവാൻ പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ബാക്കിയുള്ള വർക്കുകൾ അടിയന്തിരമായി പി.ഡബ്ല്യു.ഡി യുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ള തുകയിൽ പരമാവധി നിജപ്പെടുത്തി പൂർത്തിയാക്കുവാൻ അഡീഷണൽ ഡയറക്ടർ ഒഫ് ട്രെയിനിംഗ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകി.

19) <u>ഐ.ടി.ഐ വനിത കളമശ്ശേരി.</u>

വർക്കുകളെല്ലാം പൂർത്തീകരിച്ചതായും പെന്റിംഗ് വർക്കുകൾ നിലവിലില്ലായെന്ന് പ്രിൻസിപ്പാൾ യോഗത്തിൽ അറിയിച്ചതിനെ തുടർന്ന് പി.ഡബ്ല്യു.ഡി യുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ വർക്കുകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പാളിനോട് അഡീഷണൽ ഡയറക്ടർ ഒഫ് ട്രെയിനിംഗ് നിർദ്ദേശിച്ചു.

20) <u>ഐ.ടി.ഐ മണീട്.</u>

2012-13 സാമ്പത്തിക വർഷത്തിൽ കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനായി അനുവദിച്ച 5.65 ലക്ഷം രൂപയിൽ ബാക്കി വന്ന തുക ഉപയോഗിച്ച് വർച്ചൽ ക്ലാസ്സ് റൂമിന്റെ സീലിങ്ങ് വർക്ക് പൂർത്തിയാക്കിയതായി പ്രിൻസിപ്പാൾ അറിയിച്ചു.

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എത്രയും വേഗം നൽകുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

21) **ഐ.ടി.ഐ ചാലക്കുടി.**

ആകെയുള്ള മൂന്നു വർക്കുകളിൽ ഒരെണ്ണം പൂർത്തീകരിച്ചതായും രണ്ട് വർക്കുകളിൽ ടെൻഡർ നടപടികൾ സ്വീകരിച്ചതായും, 2013-14 സാമ്പത്തിക വർഷത്തിൽ 192 ലക്ഷം രൂപ അനുവദിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 02/09/14 ന് ടെൻഡർ വിളിച്ചതായും പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർ വ്യക്തമാക്കി. വർക്കുകൾ എത്രയും വേഗം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

22) **ഐ.ടി.ഐ (വനിത)ചാലക്കുടി.**

2013-14 സാമ്പത്തിക വർഷത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 75 ലക്ഷം രൂപ അനുവദിച്ചതിൻ പ്രകാരം പ്രസ്തുത വർക്കിനായുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചതായി ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥൻ അറിയിച്ചു.

23) **ഐ.ടി.ഐ മാള.**

ആകെയുള്ള നാല് വർക്കുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചതായും, 2012-13 സാമ്പത്തിക വർഷത്തിൽ 315 കെ.വി.എ സബ്സ്റ്റേഷനായി 28 ലക്ഷം രൂപ അനുവദിച്ചതിൻ പ്രകാരം വർക്ക് ഏകദേശം പൂർത്തിയാക്കിയതായും ശേഷിക്കുന്ന വർക്കിനായി അഡീഷണൽ ആയി 1.5 ലക്ഷം കൂടി വേണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ' Annual maintanance of building' ന്റെ ടെൻഡർ ക്ഷണിക്കുന്നതിനുള്ള അവസാന തീയതി നിശ്ചയിച്ചതായി 23/09/14 ന് പി.ഡബ്ല്യു.ഡി അധികൃതർ അറിയിച്ചു. ക്വാർട്ടേസിന്റെ കൺസ്ട്രക്ഷനിൽ സിവിൽ വർക്ക് കംപ്ലീറ്റ് ചെയ്തതായും ഇലക്ട്രിഫിക്കേഷൻ വർക്ക് നടന്നുവരുന്നതായും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

24) <u>ഐ.ടി.ഐ ദേശമംഗലം</u>.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ (2010-11 സാമ്പത്തിക വർഷം-299.5 ലക്ഷം) സ്ട്രക്ചറൽ വർക്ക് കഴിഞ്ഞതായും 6 മാസത്തിനുള്ളിൽ വർക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും പി.ഡബ്ല്യു.ഡി അധികൃതർ യോഗത്തിൽ അറിയിച്ചു.

25) <u>ഐ.ടി.ഐ മലമ്പുഴ</u>.

ആകെയുള്ള രണ്ട് വർക്കുകളിൽ ഒരെണ്ണം പൂർത്തിയായതായും, സ്റ്റാഫ് ക്വാർട്ടേസിന്റെ കൺസ്ട്രക്ഷനിൽ സിവിൽ വർക്ക് പൂർത്തിയായതായും ഇലക്ട്രിക്കൽ വർക്ക് നടന്നുവരുന്നതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു. അടിയന്തിരമായി വർക്ക് പൂർത്തിയാക്കുന്നതിന് കംപ്ലീറ്റ് ചെയ്ത വർക്കിന്റെ യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാനും പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

26) <u>ഐ.ടി.ഐ കുഴൽമന്ദം</u>.

2012-13 സാമ്പത്തിക വർഷത്തിൽ ഐ.ടി.ഐ ബിൽഡിംഗിന്റെ നവീകരണത്തിനായി 38 ലക്ഷം രൂപ അനുവദിച്ചതിൻ പ്രകാരം പ്രസ്തുത വർക്കിന്റെ 95% പൂർത്തീകരിച്ചതായും, ഒരു മാസത്തിനുള്ളിൽ വർക്ക് പൂർത്തിയാക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ യോഗത്തിൽ ഉറപ്പ് നൽകി.

27) <u>ഐ.ടി.ഐ വാണിയംകുളം</u>.

ഐ.ടി.ഐ ബിൽഡിംഗിന്റെ നിർമ്മാണത്തിനായി 2012-13 സാമ്പത്തിക വർഷം 198 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർക്കിനായി ടെൻഡർ ക്ഷണിച്ചുവെങ്കിലും ടെൻഡർ ലഭ്യമല്ലാത്തതിനാൽ 36% എക്സസ്സായി ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സർക്കാർ അംഗീകാരത്തിനായി ശുപാർശ ചെയ്തിട്ടുണ്ടെന്നും സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് യോഗത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു.

28) <u>ഐ.ടി.ഐ അരീക്കോട്</u>.

ആകെയുള്ള രണ്ട് വർക്കുകളിൽ ഒരെണ്ണം പൂർത്തീകരിച്ചതായും, ലിഫ്റ്റ മെക്കാനിക്ക് ഓപ്പറേറ്റർ ട്രേഡിലുള്ള വർക്ക് പൂർത്തീകരിക്കുന്നതിനായി കോൺട്രാക്ടർക്ക് നോട്ടീസ് നൽകിയതായും, 15 ദിവസത്തിനുള്ളിൽ മറുപടി ലഭിക്കുമെന്നും

പി.ഡബ്ല്യു.ഡി അധികൃതർ അറിയിച്ചു. അഡീഷണലായി 3 ലക്ഷം രൂപകൂടി പ്രസ്തുത വർക്കിന് നൽകിയതായി പ്രിൻസിപ്പാൾ അറിയിച്ചു. ലിഫ്റ്റ് ഷാഫ്റ്റിന്റെ സിവിൽ വർക്ക്സ് അടിയന്തിരമായി പൂർത്തിയാക്കുവാൻ പി.ഡബ്ല്യു.ഡി യുമായി ബന്ധപ്പെടുവാൻ പ്രിൻസിപ്പാളിന് ജോയിന്റ് ഡയറക്ടർ കർശന നിർദ്ദേശം നൽകി.

29 **<u>ഐ.ടി.ഐ നിലമ്പൂർ</u>**

ആകെയുള്ള രണ്ട് വർക്കുകളും പൂർത്തിയായതായി പ്രിൻസിപ്പാൾ യോഗത്തിൽ അറിയിച്ചു. ആയതിനുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു. 2009-10 സാമ്പത്തിക വർഷം 2.5 കോടി രൂപ അനുവദിച്ചതിൻ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ എക്സ്റ്റൻഷൻ വാളിനുള്ളിൽ ചോർച്ച കണ്ടെത്തിയതായി പ്രിൻസിപ്പാൾ അറിയിച്ചു. സമീപകാലത്തായി നിർമ്മാണം പൂർത്തിയാക്കിയ ടി വർക്കിന്റെ അപാകത ഗൗരവമായി കാണണമെന്ന് ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന്, അടിയന്തിരമായി പ്രസ്തുത പ്രശ്നം പരിഹരിക്കാമെന്ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു.

30) **<u>ഐ.ടി.ഐ കൽപ്പറ്റ</u>**

ആകയുള്ള 4 വർക്കുകളിൽ 160 കെ.വി.എ യു.എസ്.എസ് ന്റെ പണി ഏകദേശം പൂർത്തിയായതായും, ഇനി ഇലക്ട്രിസിറ്റി ബോർഡിന്റെ എസ്റ്റിമേറ്റ് ആവശ്യമാണെന്നും, അമിനിറ്റി സെന്ററിന്റെ വർക്ക് പൂരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നും ആയിതിന്റെ ഇലക്ട്രിഫിക്കേഷന് അധിക തുക വേണ്ടി വരുമെന്നും ഗേൾസ് ഹോസ്റ്റലിന്റെ പണി 55% പൂർത്തീകരിച്ചതായും പ്രസ്തുത വർക്ക് ഉടൻ പുനരാരംഭിക്കുമെന്നും ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥൻ യോഗത്തിൽ അറിയിക്കുകയുണ്ടായി. അടിയന്തിരമായി ടി ഐ.ടി.ഐ യിലെ പണികൾ പൂർത്തിയാക്കുവാൻ പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

31) **<u>ഐ.ടി.ഐ കോഴിക്കോട്</u>.**

ആകെയുള്ള മൂന്ന് വർക്കുകളിൽ ഒരെണ്ണം പൂർത്തീകരിച്ചതായും 'വർക്ക്ഷോപ്പ് ബിൽഡിംഗ് & ലാബ്' വർക്കിന്റെ ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുമെന്നും ട്രെയിനീസ് ഹോസ്റ്റലിന്റെ വർക്കിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചതായും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു.

32) **<u>ഐ.ടി.ഐ (വനിത) കോഴിക്കോട്.</u>**

വനിത ഹോസ്റ്റലിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചതായും, ആയതിന്റെ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു.

33) **<u>ഐ.ടി.ഐ (വനിത) കണ്ണൂർ</u>.**

എക്സ്റ്റൻഷൻ ഓഫ് ഓഫീസ് ബിൽഡിംഗിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ ഇലക്ട്രിക്കൽ വർക്കിന് ടെൻഡർ വിളിച്ചിട്ടുണ്ടെന്നും ഡിഗ്ഗിംഗ് ഫോർ ഓപ്പൺ വാൾ ന്റെ പണികൾ ഡിസംബറിൽ പൂർത്തീകരിക്കാമെന്നും ഓഫീസ് ബിൽഡിംഗിന്റെ ഇലകട്രിഫിക്കേഷൻ വർക്കിനായുള്ള ടെൻഡർ 17/09/14 ന് സ്വീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഇലക്ട്രിക്കൽ റിപ്പയറിംഗിനായി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, വനിത ഹോസ്റ്റലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്കുകൾ ഡിസംബറിൽ കംപ്ലീറ്റാകുമെന്നും, കെട്ടിട നിർമ്മാണത്തിനായി ടെൻഡർ ക്ഷണിച്ചപ്പോൾ മതിയായ ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പി.ഡബ്ല്യു.ഡി അധികൃതർ യോഗത്തിൽ അറിയിച്ചു. ഈ ഐ.ടി.ഐ യിലെ പണികൾ അടിയന്തിരമായും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

34) **<u>ഐ.ടി.ഐ കണ്ണൂർ</u>.**

ആകെയുള്ള മൂന്നു വർക്കുകളിൽ ഒരെണ്ണം പൂർത്തീകരിച്ചതായും, 250 കെ.വി.എ യു.എസ്എസ് ന്റെ നിർമ്മാണത്തിന് 2012 ൽ തുക ഡെപ്പോസിറ്റ് ചെയ്യുകയും 2 തവണ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. മറ്റ് വർക്കുകളിൽ മേലുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പി.ഡബ്ല്യു.ഡി അധികൃതർ യോഗത്തിൽ അറിയിച്ചു.

35) **<u>ഐ.ടി.ഐ കയ്യൂർ</u>.**

കെട്ടിട നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായും, വർക്ക് ഉടൻ ആരംഭിക്കുമെന്നും ട്രെയിനീസ് ഹോസ്റ്റലിന്റെ പണി 90% പൂർത്തീകരിച്ചതായും ടി വർക്ക് പൂർത്തിയാക്കുന്നതിലേയ്ക്കായി ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് 23 ലക്ഷം രൂപ കൂടി വേണ്ടി വരുമെന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത തുക പി.ഡബ്ല്യു.ഡി നിന്ന് അനുവദിച്ച് ടി വർക്ക് പൂർത്തിയാക്ക

ണമെന്ന് ജോയിന്റ് ഡയറക്ടർ അറിയിച്ചു. സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം 15/05/2014 ൽ ആരംഭിച്ചതായും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

36) **ഐ.ടി.ഐ ചാത്തന്നൂർ.**

ആകെയുള്ള രണ്ട് വർക്കുകളുടേയും പണി പൂർത്തിയായതായി പ്രിൻസിപ്പാൾ അറിയിച്ചതിനെ തുടർന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് നിർദ്ദേശിച്ചു.

37) **ഐ.ടി.ഐ പേരാവൂർ.**

വർക്കുകളെല്ലാം പൂർത്തിയാക്കിയതിനാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പാളിനോട് നിർദ്ദേശിച്ചു.

38) **ഐ.ടി.ഐ മണലൂർ.**

ആകെയുള്ള രണ്ട് വർക്കുകളിൽ ഒരെണ്ണം പൂർത്തീകരിച്ചതായും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ (2013-14 സാമ്പത്തിക വർഷം - 130 ലക്ഷം) റീ ടെൻഡർ നടപടികൾ 26/08/14 ന് സ്വീകരിച്ചിട്ടുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിക്കുകയുണ്ടായി

39) **ഐ.ടി.ഐ പുല്ലൂർ.**

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതായി പി.ഡബ്ല്യു.ഡി അധികൃതർ യോഗത്തിൽ അറിയിക്കുകയുണ്ടായി.

40) **ഐ.ടി.ഐ രാജാക്കാട്.**

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ (4.2 കോടി) ടെൻഡർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് കഴിഞ്ഞതായി പി.ഡബ്ല്യു.ഡി അധികൃതർ അറിയിച്ചു. പി.ഡബ്ല്യു.ഡി അധികൃതരുമായി പ്രിൻസിപ്പാൾ നിരന്തരം ബന്ധപ്പെട്ട് വർക്ക് ത്വരിതഗതിയിൽ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് നിർദ്ദേശം നൽകി.

41) **ഐ.ടി.ഐ മടിക്കൈ.**

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ (300 ല്കഷം) ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നതായി ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥൻ യോഗത്തിൽ അറിയിച്ചു.

42) <u>ഐ.ടി.ഐ സീതാംഗോളി.</u>

എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെയ്തു വരുന്ന പ്രസ്തുത ഐ.ടി.ഐ യിലെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നതായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

പി.ഡബ്ല്യു.ഡി നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാ വിഭാഗത്തിലുംപ്പെട്ട ജീവനക്കാരുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്നും, നിർമ്മാണ പ്രവൃത്തികൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിനുള്ള ഭൗതിക സാഹചര്യം (വെള്ളം, വൈദ്യുതി, സ്ഥലത്തെ മരംമുറിച്ച് മാറ്റൽ, റവന്യൂ അധികൃതരുടെ അനുമതി, ലോഡിംഗ്, അൺലോഡിംഗ് പ്രശ്നങ്ങൾ തുടങ്ങിയവ) ലഭ്യമാക്കുന്നതിൽ സ്ഥാപന മേലധികാരികൾ, പ്രാദേശിക സർക്കാരുകളുടെയും ജനപ്രതിനിധികളുടെയും തദ്ദേശവാസികളുടെയുമൊക്കെ സഹകരണം ലഭ്യമാക്കേണ്ടതാണെന്ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ജോയിന്റ് ഡയറക്ടർ എന്നിവർ യോഗത്തിൽ നിർദ്ദേശിച്ചു. പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥരും ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാരും തമ്മിൽ നിരന്തരം ആശയവിനിമയം നടത്തിയും സൗഹാർദ്ദപൂർവ്വം സഹകരിച്ചുകൊണ്ടും അവലോകനത്തിന് വിധേയമാക്കിയതും അല്ലാത്തതുമായ 'നിർമ്മാണ പ്രവൃത്തികൾ' സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ സദാ പ്രവർത്തിക്കണമെന്ന് തീരുമാനിച്ചുകൊണ്ട് യോഗം കൃത്യം 1.30 പി.എം ന് സമാപിച്ചു. ട്രെയിനിംഗ് വകുപ്പിനു വേണ്ടി അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് യോഗത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥർക്കും നന്ദി അറിയിച്ചു.

ശ്രീ.ബി.ശ്രീകുമാർ
**അഡീഷണൽ ഡയറക്ടർഓഫ് ട്രെയിനിംഗ്.**
**ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി.**